# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വിളക്കുടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2019-2020

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ട് സഹിതം)

നമ്പർ: കെ.എസ്.എ.കെ.എൽ.എം പി9/1248/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയതി: 27/04/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വിളക്കുടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/ തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.കെ.എൽ.എം പി9/1248/21 തീയ്യതി: 27/04/2022

## കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13 , 1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-10-2019 മുതൽ 31-03-2020 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 10 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| എം.ഡി അമ്പിളി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 01-09-2021 | 15-09-2021 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 01-09-2021 | 15-09-2021 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ.സജികുമാർ,ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീ.അരുൺ കുമാർ, അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ
ശ്രീ.രാജൻ വി.ഡി, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീമതി.ജയകുമാരിയമ്മ, സീനിയർ ഗ്രേഡ് ഓഡിറ്റർ
ശ്രീ.ശ്രീകുമാർ, ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.വിജയൻ | പ്രസിഡന്റ് | 01-04-2019 | 26-10-2019 |
| ശ്രീ.അജിമോഹൻ | പ്രസിഡന്റ് | 26-10-2019 | 31-03-2020 |
| ശ്രീ.ഭദ്രൻ ടി.എൻ | സെക്രട്ടറി | 01-04-2019 | 30-06-2019 |
| ശ്രീ.ജോസഫ് അലോഷ്യസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 01-07-2019 | 11-07-2019 |
| ശ്രീമതി.ഉഷാകുമാരിയമ്മ | സെക്രട്ടറി | 12-07-2019 | 03-08-2019 |
| ശ്രീ.ജോസഫ് അലോഷ്യസ് | സെക്രട്ടറി-ഇൻ-ചാർജ്ജ് | 04-08-2019 | 08-08-2019 |
| ശ്രീ.രാജ്കുമാർ | സെക്രട്ടറി | 09-08-2019 | 31-03-2020 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ.ജോസഫ് അലോഷ്യസ് | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2019 | 31-03-2020 |
| ശ്രീമതി രമാകുമാരി | അസിസ്റ്റന്റ് എഞ്ചിനിയർ | 01-04-2019 | 27-08-2019 |
| ശ്രീ.അരുൺ സേവ്യർ | അസിസ്റ്റന്റ് എഞ്ചിനിയർ | 27-08-2019 | 31-03-2020 |
| ശ്രീമതി.അഞ്ജു ജോർജ്ജ് | കൃഷി ഓഫീസർ | 01-04-2019 | 31-03-2020 |
| ഡോ.ടിന്റു സോമൻ ജോൺ | മെഡിക്കൽ ഓഫീസർ(ആയുർവേദം | 01-04-2019 | 31-03-2020 |
| ഡോ.സിന്ധു ബാലൻ | വെറ്റനറി സർജൻ | 01-04-2019 | 10-05-2019 |
| ഡോ.സ്ലീബ വർഗ്ഗീസ് | വെറ്റനറി സർജൻ | 11-05-2019 | 02-06-2019 |
| ഡോ.ബിന്ധ്യ | വെറ്റനറി സർജൻ | 02-06-2019 | 09-10-2019 |
| ഡോ. സന്തോഷ് | വെറ്ററനറി സർജൻ | 10-10-2019 | 31-03-2020 |
| ശ്രീമതി.സിന്ധു | വി.ഇ.ഒ | 01-04-2019 | 20-12-2019 |
| ശ്രീ.ജിജി ഗോപാൽ | വി.ഇ.ഒ. | 01-04-2019 | 31-03-2020 |
| ഡോ.രമ്യ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 01-04-2019 | 04-06-2019 |

| | | | |
|---|---|---|---|
| ഡോ.രജനി | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 05-06-2019 | 10-06-2019 |
| ഒഴിവ് | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 10-06-2019 | 10-07-2019 |
| ഡോ.ശ്രീകുമാർ | മെഡിക്കൽ ഓഫീസർ(ഹോമിയോ) | 11-07-2019 | 31-03-2020 |

20.12.2019 നു ശേഷം ഒരു വി.ഇ.ഒ. മാത്രമാണ് പഞ്ചായത്തിൽ ഉണ്ടായിരുന്നത്.

## ഉള്ളടക്കം



| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2022) | 1-1 |
| 2 | വാർഷികധനകാര്യപത്രിക<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2022) | 1-2 |
| 3 | വാർഷികക്കണക്കു പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-3 |
| 5 | ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-4 |
| 6 | പദ്ധതി അവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 30-03-2022) | 1-5 |
| 7 | തൊഴിലുറപ്പുപദ്ധതി<br>Written By: Rajan.V.D (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-6 |
| 8 | ക്ഷേമ പദ്ധതികൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-7 |
| 9 | ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-7-1 |
| 10 | പെൻഷണറുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-7-2 |
| 11 | ക്യാഷ് പരിശോധന<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-8 |
| 12 | ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനുവൽ പാർട്ട് 1 അനുബന്ധം ബി)<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-10 |
| 14 | തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി പരിശോധിക്കണം.<br>Written By: Rajan.V.D (Senior Grade Auditor, On 09-09-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-11 |
| 15 | പാലിയേറ്റീവ് കെയർ- അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-12 |

| | | |
|---|---|---|
| 16 | അഗതി/ആശ്രയ പദ്ധതി -ഭക്ഷ്യക്കിറ്റ് വിതരണത്തിൽ മാത്രം ഒതുങ്ങി.<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-13 |
| 17 | ലൈഫ് ഭവന പദ്ധതി - അവലോകനം<br>Written By: Arun Kumar A (Asst. Audit Officer, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-14 |
| 18 | മഴക്കാലപൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-15 |
| 19 | ഡി.എ).കുടിശ്ശിക തുക അനുവദിച്ചതിൽ നിന്നും ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല.<br>Written By: Jayakumari Amma G (Senior Grade Auditor, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 01-04-2022) | 1-16 |
| 20 | കുടിവെള്ള വിതരണം-ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ചു.-84625 രൂപ നിരാകരിക്കുന്നു.<br>Written By: Jayakumari Amma G (Senior Grade Auditor, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-17 |
| 21 | വൗച്ചർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 14-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 1-18 |
| 22 | സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-19 |
| 23 | വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 1-20 |
| 24 | പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 19-04-2022) | 1-21 |
| 25 | വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 5,92,411 രൂപ തടസ്സപ്പെടുത്തുന്നു.<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-22 |
| 26 | തെരുവ് വിളക്ക് പരിപാലനം നിർവ്വഹണത്തിലെ അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-23 |
| 27 | മരാമത്ത് പ്രവ്യത്തികളിലെ പൊതുവായ അപാകതകൾ<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 1-24 |
| 28 | ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവ്യത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 1-25 |
| 29 | യഥാസമയം കരാറിൽ ഏർപ്പെടാത്തവരുമായി ക്രമവിരുദ്ധമായി കരാറിൽ ഏർപ്പെട്ടു, പിഴ | 1-26 |

| | | |
|---|---|---|
| | ഊടാക്കിയിട്ടില്ല.<br>Written By: G.Sajikumar (Audit Officer (HG), On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | |
| 30 | വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - 3,28,900/-രൂപ തടസ്സത്തിൽ വയ്ക്കുന്നു<br>Written By: Arun Kumar A (Asst. Audit Officer, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 1-27 |
| 31 | മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല<br>Written By: Sreekumar.S (Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 1-28 |
| | **ഭാഗം 2** | |
| | --- No Records Found --- | |
| | **ഭാഗം 3** | |
| 1 | കുടിവെള്ള വിതരണം-ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ചു.-84625 രൂപ നിരാകരിക്കുന്നു<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 3-1 |
| | **ഭാഗം 4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-1 |
| 2 | സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Jayakumari Amma G (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 18-04-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-4 |
| 5 | വായ്പ / വായ്പാതിരിച്ചടവ്<br>Written By: Jayakumari Amma G (Senior Grade Auditor, On 15-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Jayakumari Amma G (Senior Grade Auditor, On 13-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-8 |
| 9 | ചാർജ് /സർചാർജ് നടപടികളുടെ വിവരം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Naseer S (Computer Assistant, On 06-04-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Jayakumari Amma G (Senior Grade Auditor, On 11-09-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-04-2022) | 4-11 |
| | **അനുബന്ധം** | |

| | |
|---|---|
| 1 | ഓഡിറ്റ് സാക്ഷ്യപത്രം |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം |
| 3 | അനുബന്ധപത്രികകൾ |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

21.2.2019 തീയതിയിലെ 2(1) തീരുമാന പ്രകാരം അംഗീകരിച്ചു.

### 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.7.2020 | 11.8.2020 | | |

### 1-2-1 വാർഷികക്കണക്കു പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ

2019-2020 സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടു.

1. RP-7 ഷെഡ്യൂൾ-ജനറൽ പർപ്പസ് ഫണ്ടിനത്തിൽ 1,52,39,327/- രൂപ വരവായി ഉൾപ്പെട്ടിട്ടുണ്ട്. എന്നാൽ ACR പ്രകാരമുള്ള വരവുതുക 1,97,81,136/- രൂപയാണ്.

2. RP -34 ഷെഡ്യൂൾ-Auction Deposit വരവ് ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 5,000/- രൂപയും എ.എഫ്.എസ് പ്രകാരം (-) 5,000/- രൂപയുമാണ്.

3. ബി-7 ഷെഡ്യൂളിലെ Rent Deposit തുക ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല.രജിസ്റ്റർ പ്രകാരം 3,02,329/- രൂപയും എ.എഫ്.എസ് പ്രകാരം 3,17,329/- രൂപയുമാണ്.

4. ബി-7 ഷെഡ്യൂളിലെ Auction Deposit തുക ഡെപ്പോസിറ്റ് രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. രജിസ്റ്റർ പ്രകാരം 54,048/- രൂപയും എ.എഫ്.എസ് പ്രകാരം 44,048/-രൂപയുമാണ്.

5. ബാലൻസ് ഷീറ്റിൽ B-12 ഷെഡ്യൂളിൽ ഉൾപ്പെട്ടിട്ടുള്ള 1,000/- രൂപ ഇൻവെസ്റ്റ്മെൻറ് ഇക്വിറ്റി ഷെയേഴ്സ് സംബന്ധിച്ച രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

6. കേന്ദ്രാവിഷ്കൃത ഫണ്ടുകളായ റ്റി.എസ്.സി, ഐ.സി.ഡി.എസ് എന്നിവയുടെ വരവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

7. ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വരവ്-ചെലവ്, നീക്കിയിരുപ്പ് വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

8. ലോൺ രജിസ്റ്ററിൽ കൃത്യമായ രേഖപ്പെടുത്തൽ ഇല്ലാത്തതിനാൽ വാർഷികക്കണക്കിൽ ഉൾപ്പെട്ട തുകയുടെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

9. വസ്തുനികുതി- അരിയർ, ഡിമാൻഡ്, കളക്ഷൻ ബാലൻസ് തുകകൾ വാർഷിക കണക്കും സഞ്ചയ പ്രകാരമുള്ള തുകകളുമായി പൊരുത്തപ്പെടുന്നില്ല.

10. ആസ്തി രജിസ്റ്റർ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

11. ഷെഡ്യൂൾ ബി-11(A) പ്രകാരം 10,41,157/- രൂപ ക്യാപ്പിറ്റൽ വർക്ക് ഇൻ പ്രോഗ്രസ്സ് ഇനത്തിൽ ഉൾപ്പെട്ടതിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

12. ഷെഡ്യൂൾ- ബി-18 ൽ ഉൾപ്പെട്ട തുകകളുടെ കൃത്യത പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

13. B9 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിരിക്കുന്ന മുൻകൂർ വരവ് തുകകളുടെ കൃത്യത-Property Tax On Residential Buildings, Sale Of Usufructs Of Trees എന്നിവ പരിശോധിക്കുന്നതിനാവശ്യമായ രേഖകൾ ഹാജരാക്കിയിട്ടില്ല.

14. വാടക കുടിശ്ശികയിനത്തിൽ ലഭിച്ച തുകയുടെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

15. പെർമിറ്റ് ഫീ, റഗുലറൈസേഷൻ ഫീയിനങ്ങളിലുള്ള വരവിന്റെ കൃത്യത ബോധ്യപ്പെട്ടിട്ടില്ല.

16. ജി.ഒ. പ്രോജക്ട് പ്രകാരം തുക കുറവു ചെയ്തിട്ടുണ്ടെങ്കിലും ചെലവ് സ്റ്റേറ്റ്മെന്റിൽ ഉൾപ്പെട്ടിട്ടില്ല. ആയതിനാൽ 44117/- രൂപ ലോണിനത്തിലുള്ള ബാധ്യതയിൽ ഉൾപ്പെട്ടിരിക്കുന്നു.

**1-3 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)**

| | |
|---|---|
| മുന്നിരിപ്പ് | 38028773 |
| വരവ് | 93712403 |
| ആകെ | 131741176 |
| ചെലവ് | 88200743 |
| നീക്കിയിരിപ്പ് | 43540433 |
| വരവിനങ്ങളിലുള്ള നഷ്ടം | 0 |
| ചെലവിനങ്ങളിലുള്ള നഷ്ടം | 84625 |
| തടസ്സപ്പെടുത്തിയ തുക | 2383561 |

**1-4 ഫണ്ട് വിനിയോഗം**

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി | ക്യാഷ് ബിൽ |
|---|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | - | 20727000 | 20727000 | 15088506 | 5638494 | 4312434 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | - | 8323000 | 8323000 | 3758478 | 4564522 | 1440628 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | - | 144000 | 144000 | - | 144000 | - |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | - | 11190000 | 11190000 | 5019505 | 6170495 | 2806265 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | - | 6320000 | 6320000 | 4021220 | 2298780 | 845999 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | - | 15846906 | 15846906 | 4528378 | 11318528 | 3584116 |
| കെ.എൽ.എസ്.ജി.ഡി.പി (ACR പ്രകാരം) | | - | - | -- | - | - | - |
| സാക്ഷരത | | 87977 | 3128 | 91105 | 0 | 91105 | 0 |
| ദുരിതാശ്വാസനിധി | | - | - | - | - | - | - |
| ഐ.സി.ഡി.എസ് | | 2228057 | 1010689 | 3238746 | 2200000 | 849125 | - |
| ടോട്ടൽ സാനിറ്റേഷൻ | | 929022 | 32478 | 961500 | - | 961500 | - |
| സംസ്ഥാനാവിഷ്കൃതം | | | | | | | |
| ശുചിത്വമിഷൻ | | 846184 | - | 846184 | - | 846184 | - |
| എസ്സ്.എസ്സ്.എ | | 7515 | 301 | 7816 | - | 7816 | - |
| കേന്ദ്രാവിഷ്കൃതം | | | | | | | |
| എം.ജി.എൻ.ആർ.ഇ.ജി.എസ് | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 7485 | 1020439 | 1027924 | 1008515 | 19409 | - |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 270 | 195038880 | 246 | 70919683 | - | 24 | 91% |

## 1-6 തൊഴിലുറപ്പുപദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 7485 | 1020439 | 1027924 | 1008515 | 19409 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 34874544 | 34874544 | 34874544 | 0 |

## 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 129240 | 335 |
| കർഷകതൊഴിലാളി പെൻഷൻ | 1945200 | 320 |
| വിധവാപെൻഷൻ | 8567400 | 1541 |
| വാർദ്ധക്യകാലപെൻഷൻ | 12822600 | 2453 |
| വികലാംഗപെൻഷൻ | 2370800 | 410 |
| 50 വയസ്സുകഴിഞ്ഞ അവിവാഹിതർക്കുള്ള പെൻഷൻ | 219000 | 41 |
| വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹധനസഹായം | 270000 | 9 |

## 1-7-1 ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്ന സാമൂഹ്യ സുരക്ഷ പെൻഷൻ പെൻഷണറുടെ മരണശേഷവും വിതരണം നടത്തുന്നു.

ഗ്രാമ പഞ്ചായത്തിലെ സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണ രേഖകൾ പരിശോധിച്ചതിൽ നിന്നും മരണപ്പെട്ടവരുടെ പേരിലുള്ള പെൻഷൻ മരണ തീയതിക്കു ശേഷവും പെൻഷണറുടെ ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തതായി കാണുന്നു. 2019-2020 വർഷം മരണം രജിസ്റ്റർ ചെയ്തവരുടെയും പെൻഷൻ സസ്പെന്റ് ചെയ്തവരുടെയും ലിസ്റ്റിൽ നിന്നും ഓഡിറ്റ് വേളയിൽ ലഭ്യമാക്കിയ വിവരങ്ങളുടെ അടിസ്ഥാനത്തിലുമുള്ള വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ഗുണഭോക്താവിന്റെ പേര് | പെൻഷൻ തരം | പെൻഷൻ ഐഡി നം. | മരിച്ച തീയതി | അനർഹമായ കാലയളവ് | വിതരണം ചെയ്ത തുക (രൂപ) |
|---|---|---|---|---|---|
| സൗദാമിനി | വാർദ്ധക്യകാല പെൻഷൻ | 103230202209 | 18.4.2019 | 5/19-10/19 | 3600 |

| | | | | | |
|---|---|---|---|---|---|
| രാജൻപിള്ള | കർഷകത്തൊഴിലാളി പെൻഷൻ | 1303230100502 | 20.4.19 | 5/19-7/19 | 3600 |
| ഭാർഗ്ഗവിയമ്മ | വാർദ്ധക്യകാല പെൻഷൻ | 103230200445 | 17.7.19 | 8/19-10/19 | 4500 |
| സുഹറബീവി | വാർദ്ധക്യകാല പെൻഷൻ | 103230200675 | 28.7.19 | 8/19-10/19 | 4500 |
| ജനാർദ്ദനൻ | കർഷകത്തൊഴിലാളി പെൻഷൻ | 103230100264 | 31.5.19 | 6/19-11/19 | 3600 |

ഇതേ രീതിയിൽ കൂടുതൽ പെൻഷണർമാർക്ക് മരണശേഷവും ബാങ്ക് അക്കൗണ്ടിലേക്ക് പെൻഷൻ വിതരണം ചെയ്തിട്ടുള്ളതായി കണക്കാക്കുന്നു. സൂക്ഷ്മ പരിശോധന നടത്തി ഈ രീതിയിലുള്ള പെൻഷൻ വിതരണം ഒഴിവാക്കേണ്ടതാണ്. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർ മരണപ്പെടുന്നത് അവർ താമസിക്കുന്ന തദ്ദേശ സ്ഥാപന പരിധിയിലല്ലെങ്കിൽ മരണ വിവരം യഥാസമയം അതാത് തദ്ദേശ സ്വയംഭരണ സ്ഥാപനം അറിയുന്നതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ ഏറെയാണ്. പിന്നീട് സ്ഥാപനം മരണവിവരം അറിഞ്ഞു വരുമ്പോഴേക്കും നിരവധി മാസങ്ങളിലെ പെൻഷൻ തുക ബാങ്ക് അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്തിട്ടുണ്ടാകും. മുമ്പ് ആധാർ അധിഷ്ഠിത മരണ രജിസ്ട്രേഷൻ പ്രാബല്യത്തിൽ ഉണ്ടായിരുന്നെങ്കിലും പഞ്ചായത്ത് ഡയറക്ടറുടെ 19-10-2019ലെ ബി 1/30277/2017 സർക്കുലർ പ്രകാരം ആയത് നിർബന്ധമല്ലാതാക്കിയിട്ടുണ്ട്. നിലവിൽ പ്രതിവർഷ മസ്റ്ററിംഗ് മാത്രമാണ് പെൻഷണറുടെ മരണം കണ്ടെത്താനുള്ള ഏക മാർഗ്ഗം. സാമൂഹ്യ സുരക്ഷ പെൻഷൻ വാങ്ങുന്നവർക്കെങ്കിലും ആധാർ അധിഷ്ഠിത മരണ സർട്ടിഫിക്കറ്റ് വിതരണം ചെയ്യേണ്ടതിലെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നു. ഗുണഭോക്താക്കളുടെ മരണശേഷം അക്കൗണ്ടിലേക്ക് അനുവദിച്ച പെൻഷൻ തുക 19800 /- രൂപ തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

**1-7-2 പെൻഷണറുടെ മരണശേഷവും സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിന് തുക അനുവദിച്ചു.**

സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് സേവന സോഫ്റ്റ് വെയറും 2019-20 വർഷത്തെ പഞ്ചായത്തിലെ മരണ റിപ്പോർട്ടും പരിശോധിച്ചതിൽ ഗുണഭോക്താക്കൾക്ക് അവർ മരണപ്പെട്ടതിന് ശേഷവും പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കിലേക്ക് തുക അനുവദിച്ചതായി കാണുന്നു. പെൻഷൻ വിതരണത്തിനായി സഹകരണ ബാങ്കുകൾക്ക് തുക അനുവദിച്ചിട്ടുണ്ടെങ്കിലും വിതരണം ചെയ്യാൻ സാധിച്ചിട്ടില്ലെന്ന് ഡി.ബി.റ്റി വിവരങ്ങളിൽ പെൻഷണറുടെ സ്റ്റാറ്റസ് റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അനർഹമായി അനുവദിച്ച തുക സഹകരണ ബാങ്കിൽ നിന്ന് സർക്കാരിലേക്ക് ഒടുക്കിയതിന്റെ രേഖകൾ ഹാജരാക്കുന്നതിന് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല. തുടർനടപടി സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

**1-8 ക്യാഷ് പരിശോധന**

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 5.9.2021ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 33,382/-രൂപ ക്യാഷ് ബാലൻസിന്റെ/നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തരനിയന്ത്രണം (ഓഡിറ്റ് മാനവൽ പാർട്ട് 1 അനുബന്ധം ബി)

സാംഖ്യ സോഫ്റ്റ് വെയർ മുഖേന കമ്പ്യൂട്ടർ രസീതുകൾ ഉപയോഗിച്ചാണ് വരവുകൾ സ്വീകരിക്കുന്നത്. എന്നാൽ ഗുണഭോക്തൃവിഹിതം പിരിവ്, ഔട്ട് ഡോർ പിരിവ് എന്നിവയ്ക്കായി കൈകൊണ്ടെഴുതുന്ന രസീതുകളും ഉപയോഗിച്ചുവരുന്നു. ലൈസൻസ് ഫീയുടെ കാര്യത്തിൽ വാർഡു തിരിച്ചുള്ള ട്രേഡേഴ്സ് ലിസ്റ്റ് സൂക്ഷിക്കുന്നില്ല. തൊഴിൽ നികുതി ഒടുക്കുവാൻ ബാധ്യസ്ഥരായ സ്ഥാപനങ്ങളുടെ രജിസ്റ്റർ സൂക്ഷിക്കുന്നില്ല. ഡി.സി.ബി. പത്രികയിലെ വിവരങ്ങൾ ബന്ധപ്പെട്ട ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തുന്നതിൽ ശ്രദ്ധിക്കുന്നില്ല. ആസ്തി രജിസ്റ്റർ കാലികമാക്കുന്നില്ല. വൗച്ചറുകൾ, രേഖകൾ എന്നിവ കൃത്യമായി സൂക്ഷിക്കുന്നുണ്ട്. ധനമിടപാടുകൾ സുതാര്യവും കുറ്റമറ്റതുമാക്കുന്നതിനും ഗ്രാമപഞ്ചായത്തിന്റെ വിവിധ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ള ചുമതലകളും കർത്തവ്യങ്ങളും നല്ല രീതിയിൽ നിർവഹിക്കുന്നതിനുമായി താരതമ്യേന മെച്ചപ്പെട്ട ഒരു അഭ്യന്തര നിയന്ത്രണ സംവിധാനം ഗ്രാമപഞ്ചായത്തിൽ നിലനിൽക്കുന്നു. റോഡ് കണക്ടിവിറ്റി പ്ലാൻ കാലികമല്ല. സാമൂഹ്യ സുരക്ഷാ പെൻഷൻ വിതരണം സംബന്ധിച്ച് ക്രമരഹിതമായ ധനമിടപാടുകൾ നടന്നുവരുന്നു. പെൻഷനർ മരണപ്പെട്ട ശേഷവും തുക വിതരണം ചെയ്തുകാണുന്നു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 19-3-21 | 1.4.2020 മുതൽ 31.12.2020 വരെ | 19.3.2021 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 21.3.2016 | 2011-12 മുതൽ 2015-16 വരെ | 28.3.2017 |

## 1-11 തൊഴിലുറപ്പ് പദ്ധതി-ലക്ഷ്യപ്രാപ്തി പരിശോധിക്കണം.

2019-20 വർഷത്തിൽ മഹാത്മാ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിൽ 239512483/- രൂപ വകയിരുത്തി 716746 തൊഴിൽ ദിനങ്ങൾ ലക്ഷ്യമിട്ട് ആക്ഷൻ പ്ലാൻ അംഗീകരിച്ചിരുന്നു. എന്നാൽ ഓഡിറ്റിന് ലഭ്യമാക്കിയ രേഖകൾ പരിശോധിച്ചതിൽ, 116880 തൊഴിൽ ദിനങ്ങൾ (16.3%) സൃഷ്ടിക്കാൻ കഴിഞ്ഞതായി കാണുന്നു. 34874544/-രൂപ ചെലവഴിച്ചിട്ടുണ്ട്. ഇത് വകയിരുത്തിയ അടങ്കൽ തുകയുടെ 14.6% ആണ്. നടപ്പാക്കാൻ കഴിഞ്ഞ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രവൃത്തി ഇനം | ആക്ഷൻ പ്ലാൻ പ്രകാരം ലക്ഷ്യമിട്ട എണ്ണം | നടപ്പിലാക്കാൻ കഴിഞ്ഞ എണ്ണം | നടപ്പിലാക്കിയതിന്റെ % കണക്ക്. |
|---|---|---|---|---|
| 1. | മണ്ണ്-ജല സംരക്ഷണ പ്രവൃത്തികൾ | 472 | 205 | 43% |
| 2. | വ്യക്തിഗത പ്രവൃത്തികൾ | 120 | 13 | 10.8% |
| 3. | റോഡ് കോൺക്രീറ്റ് | 38 | 0 | 0% |
| 4. | കനാൽ പ്രവൃത്തികൾ | 11 | 11 | 100 % |
| 5. | ഫലവൃക്ഷം നടീൽ | 20 | 0 | 0% |

തൻവർഷം 100 ദിനം തൊഴിൽ ചെയ്ത കുടുംബങ്ങളുടെ എണ്ണം 228 ആണ്.അംഗീകൃത ആക്ഷൻ പ്ലാൻ പ്രകാരമുള്ള പദ്ധതി നടത്തിപ്പിന്റെ ലക്ഷ്യപ്രാപ്തി കൈവരിക്കുന്നതിനാവശ്യമായ കൂടുതൽ കാര്യക്ഷമമായ നടപടികൾ ബന്ധപ്പെട്ട അധികൃതരുടെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുണ്ട്.

**1-12 പാലിയേറ്റീവ് കെയർ- അവലോകനം**

സാമൂഹികമായും സാമ്പത്തികമായും പിന്നോക്കം നിൽക്കുന്ന, ദീർഘകാല ചികിത്സയും പരിചരണവും ആവശ്യമായ രോഗികളെ കണ്ടെത്തി അവർക്ക് ആരോഗ്യ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ്, സന്നദ്ധ സംഘടനകൾ എന്നീ വിഭാഗങ്ങളുടെ പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് മെച്ചപ്പെട്ട പരിചരണം ലഭ്യമാക്കുക എന്ന ലക്ഷ്യത്തോടെയാണ് സാന്ത്വന പരിചരണ പദ്ധതി ആരംഭിച്ചിട്ടുള്ളത്. ഇതിനായി സർക്കാർ ഒരു പാലിയേറ്റീവ് പരിചരണ നയം (Pain And Palliative Care Policy Of Kerala) (സ.ഉ.(പി)നം.109/2008/ആ.കു.ക്ഷേ.വ തീയതി 15.04.2008) രൂപീകരിക്കുകയും ആയതിനായുള്ള മാർഗ്ഗരേഖ 2009 -ൽ പ്രസിദ്ധീകരിക്കുകയും ചെയ്തിരുന്നു. പാലിയേറ്റീവ് പരിചരണ പദ്ധതി നിർബന്ധിത പദ്ധതിയാക്കിക്കൊണ്ട് 2012 -ലും വിദഗ്ദ പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടി ഉൾപ്പെടുത്തി 2015 -ലും പ്രസ്തുത മാർഗ്ഗരേഖ പരിഷ്കരിക്കുകയുണ്ടായി. ഉയർന്ന ആയുർദൈർഘ്യം, ജീവിത ശൈലിയിൽ വന്ന മാറ്റങ്ങൾ എന്നിവ കാരണം ദീർഘകാല രോഗങ്ങളുടേയും മാറാരോഗങ്ങളുടേയും വാർദ്ധക്യ സഹജമായ രോഗങ്ങളുടേയും തോത് വർദ്ധിച്ചതിനാൽ മുൻ മാർഗ്ഗരേഖയിൽ കാലോചിത മാറ്റങ്ങൾ വരുത്തി 07-03-2019 -ലെ സ.ഉ(സാധാ)നം.553/2019/തസ്വഭവ പ്രകാരം ആയത് വീണ്ടും പരിഷ്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

2019-20 -ൽ വിളക്കുടി ഗ്രാമപഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പ്രോജക്റ്റ് നമ്പരും പേരും | നിർവ്വഹണ ഉദ്യോഗസ്ഥൻ | തുക വിനിയോഗം | | |
|---|---|---|---|---|
| | | ഫണ്ടിനം | അടങ്കൽ (₹) | ചെലവ് (₹) |
| 177/19-20 സാന്ത്വന പരിചരണ ചികിത്സാ പദ്ധതി (സപിൽ ഓവർ) | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | വികസന ഫണ്ട് -ജനറൽ | 358000/- | 358000 |
| | | | | |
| 6/19-20, പാലിയേറ്റീവ് കെയർ | ,, | ,, | 800000 | 800000 |

**1. പഞ്ചായത്ത്തല പ്രവർത്തനങ്ങൾ**

മാർഗ്ഗരേഖയ്ക്ക് അനുസൃതമായി ഗൃഹ കേന്ദ്രീകൃത പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. രോഗികളുടെ വിവരങ്ങളടങ്ങുന്ന നോമിനൽ രജിസ്റ്റർ, ഫോളോ അപ്പ് രജിസ്റ്റർ, സന്ദർശന വിവരങ്ങളടങ്ങുന്ന രജിസ്റ്റർ എന്നിവ സൂക്ഷിച്ചിട്ടുണ്ട്. രോഗികൾക്ക് ആവശ്യമായ പരിചരണ സാമഗ്രികൾ വിതരണം ചെയ്തിട്ടുണ്ട്. ഹോം കെയർ ടീമിലേക്ക് തിരഞ്ഞെടുക്കപ്പെട്ടവർക്കുള്ള പരിശീലനവും നടപ്പിലാക്കിയിട്ടുണ്ട്. പാലിയേറ്റീവ് വാഹനം ക്വട്ടേഷൻ മുഖേന മാനദണ്ഡങ്ങൾ പാലിച്ചാണ് വാടകയ്ക്കെടുത്തിട്ടുള്ളത്. 2019-20 വർഷാവസാനത്തെ രോഗികളുടെ സ്ഥിതി വിവര കണക്ക് താഴെ പറയുന്ന പ്രകാരമാണ്.

| | |
|---|---|
| രജിസ്റ്റർ ചെയ്ത ആകെ രോഗികൾ | 995 |
| രജിസ്റ്റർ ചെയ്ത രോഗികളിൽ മരണപ്പെട്ടവർ | 55 |
| രോഗം ഭേദമായവർ | 540 |
| ഫോളോ അപ്പ് രോഗികൾ | 140 |
| ഒ.പി യിൽ ചികിത്സ തേടുന്നവർ | 69 |
| സെക്കന്ററി കെയർ ഉള്ളവർ | 12 |
| ഫിസിയോ തെറാപ്പി ചെയ്യുന്നവർ | 13 |
| 60 വയസ്സിന് മുകളിലുള്ള രോഗികൾ | 122 |
| കാൻസർ രോഗികൾ | 20 |
| ഡയാലിസിസ് ചെയ്യുന്നവർ | 15 |
| മോർഫിൻ കഴിക്കുന്നവർ | 9 |

**2. വാർഡ് /സബ്സെന്റർ തല പ്രവർത്തനങ്ങൾ**

ദീർഘകാല പരിചരണം ആവശ്യമായി വരുന്ന രോഗികളെ ആശാവർക്കർമാരുടേയും മറ്റ് സന്നദ്ധ പ്രവർത്തകരുടേയും നേതൃത്വത്തിൽ കണ്ടെത്തി വാർഡ് അടിസ്ഥാനത്തിൽ ലിസ്റ്റ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും രോഗികൾക്ക് പൂർണ്ണ മാനസിക ശാരീരിക പിന്തുണ ഉറപ്പാക്കുന്നതിനുവേണ്ടി സന്നദ്ധപ്രവർത്തകരുടെ സംഘങ്ങൾ വാർഡ് തലത്തിൽ രൂപീകരിക്കേണ്ടതാണെന്ന് മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുണ്ട്. വാർഡ് സമിതികൾ രൂപീകരിക്കുകയോ അവലോകന യോഗങ്ങൾ ചേരുകയോ ചെയ്തിട്ടില്ല. സബ്ബ് സെന്റർ തലത്തിലും യോഗങ്ങൾ ചേരുകയോ മറ്റ് പ്രവർത്തനങ്ങൾ നടത്തുകയോ ചെയ്തിട്ടില്ല.

**3. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി**

പദ്ധതിയുടെ നടത്തിപ്പിനും മേൽനോട്ടത്തിനുമായി പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി (പിഎംസി) ഓരോ സാമ്പത്തിക വർഷാരംഭത്തിനുമുമ്പും ഗ്രാമപഞ്ചായത്ത് രൂപീകരിക്കേണ്ടതാണ്. രണ്ട് മാസത്തിലൊരിക്കലോ, ഇടവേളകളിൽ ആവശ്യാനുസരണമോ യോഗം ചേർന്ന് തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പോരായ്മകൾ പരിഹരിക്കുന്നതിന് തീരുമാനങ്ങൾ എടുക്കേണ്ടതുമാണ്. എന്നാൽ 2019-20 വർഷാരംഭത്തിൽ പിഎംസി പുനസംഘടിപ്പിച്ചിട്ടില്ല. 2019-20 വർഷം 27.06.2019, 31.12.19 എന്നീ തീയതികളിലായി 2 തവണ മാത്രമാണ് പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി യോഗം ചേർന്നിട്ടുള്ളത്. ഓരോ മാസത്തെ പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും മെമ്പർ സെക്രട്ടറി (മെഡിക്കൽ ഓഫീസർ, പി.എച്ച്.സി) യോഗത്തിൽ രേഖാമൂലം അവതരിപ്പിക്കേണ്ടതും അംഗീകാരം നേടേണ്ടതുമാണ്.

**4. ആരോഗ്യ പ്രവർത്തനങ്ങളുടെ അവലോകന യോഗങ്ങൾ**

ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും അവലോകന യോഗങ്ങൾ കൂടേണ്ടതാണ്. ഈ യോഗത്തിൽ അലോപ്പതി, ആയുഷ് ആശുപത്രികളുടെ പ്രവർത്തനങ്ങൾ, ആശാ പ്രവർത്തകരുടെ പ്രവർത്തനങ്ങൾ, പാലിയേറ്റീവ് കെയർ ഉൾപ്പെടെ വിവിധ ആരോഗ്യ പദ്ധതികൾ, വാർഡ് ആരോഗ്യ അവലോകന സമിതികളുടെ പ്രവർത്തനം എന്നിവ അവലോകനം ചെയ്യേണ്ടതാണ്. ആയതിന് സ.ഉ(സാധാ)519/2019/തസ്വഭവ തീയതി 07.03.2019 പ്രകാരം മാർഗ്ഗരേഖയും സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്.

**5. വിഭവ സമാഹരണം**

ഹോം കെയർ സംവിധാനവും അനുബന്ധ പ്രവർത്തനങ്ങളും കൂടുതൽ ഫലപ്രദമായി നടത്തുവാൻ പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടായിട്ടില്ല. പണമായോ സാധന സാമഗ്രികളായോ സംഭാവന സ്വീകരിച്ചിട്ടില്ല.

**6. മോണിട്ടറിംഗ്**

ആരോഗ്യ വിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റിയും ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും അവരുടെ യോഗങ്ങളിൽ ഒരു അജണ്ടയായ ഉൾപ്പെടുത്തി പാലിയേറ്റീവ് കെയർ ചർച്ചചെയ്യണമെന്നും ഭരണ സമിതി വർഷത്തിലൊരിക്കലെങ്കിലും പ്രത്യേക അജണ്ടയായി പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തണമെന്നും അതിനനുസരിച്ച് പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്നും മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുണ്ടെങ്കിലും ആയത് പൂർണ്ണമായി പാലിക്കപ്പെട്ടിട്ടില്ല.

**നിർദ്ദേശങ്ങൾ**

1. വാർഡ് സമിതികൾ രൂപീകരിക്കുകയും അവലോകന യോഗങ്ങൾ ചേരുകയും ചെയ്യേണ്ടതാണ്. സബ്ബ് സെന്റർ തലത്തിലും പ്രവർത്തനങ്ങൾ ഊർജ്ജിതമാക്കേണ്ടതാണ്.

2. പാലിയേറ്റീവ് കെയർ മാനേജ്മെന്റ് കമ്മിറ്റി കൃത്യമായ ഇടവേളകളിൽ യോഗം ചേരേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. പ്രവർത്തന അവലോകന റിപ്പോർട്ടും വരവ്-ചെലവ് കണക്കുകളും കമ്മിറ്റിയിൽ അവതരിപ്പിച്ച് അംഗീകാരം നേടേണ്ടതാണ്.

3. ഗ്രാമപഞ്ചായത്ത് തലത്തിൽ എല്ലാ മാസവും ആരോഗ്യ അവലോകന യോഗങ്ങൾ കൂടേണ്ടതും പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതാണ്.

4. പാലിയേറ്റീവ് പ്രവർത്തനങ്ങൾക്കായി പ്രാദേശിക വിഹിതം സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

5. പാലിയേറ്റീവ് കെയർ പ്രവർത്തനങ്ങൾ ഫലപ്രദമായി നടത്തുന്നതിന് സ്റ്റാന്റിംഗ് കമ്മിറ്റികളും ഭരണ സമിതിയും ക്രിയാത്മകമായ ഇടപെടലുകൾ നടത്തേണ്ടതാണ്.

തുടർനടപടികളുടെ വിവരം അറിയിക്കേണ്ടതാണ്.

ഓഡിററ് എൻക്വയറി നം. 2/7.9.21

**1-13 അഗതി/ആശ്രയ പദ്ധതി -ഭക്ഷ്യക്കിറ്റ് വിതരണത്തിൽ മാത്രം ഒതുങ്ങി.**

പ്രോജക്ട് നമ്പർ - 36/2020

പദ്ധതി അടങ്കൽ – 491800 (വികസന ഫണ്ട് ജനറൽ)

പദ്ധതി ചെലവ് – 491800

ബിൽ നമ്പർ – 6/16.10.19

നിർവ്വഹണ ഉദ്യോഗസ്ഥൻ - അസിസ്റ്റന്റ് സെക്രട്ടറി

24.01.2019 ലെ 3-1 നമ്പർ കമ്മിറ്റി തീരുമാന പ്രകാരം 198 പേരെയാണ് ആശ്രയ ഗുണഭോക്താക്കളായി തെരഞ്ഞെടുത്തിട്ടുള്ളത്. ഗുണഭോക്താക്കൾക്ക് സി.ഡി.എസ് മുഖാന്തിരം ഭക്ഷ്യകിറ്റ് നൽകിയിട്ടുണ്ട്. അഗതി ആശ്രയ ലിസ്റ്റ് അംഗീകരിച്ച 21.01.19 മുതൽ ടി പദ്ധതിയിലൂടെ ഭക്ഷണം നൽകുന്നത് മാത്രമാണ് നടപ്പിലാക്കിയിട്ടുള്ളത് എന്ന് ഓഡിറ്റ് എൻക്വയറി നം.3/7.9.21 ന് മറുപടിയായി അറിയിച്ചിട്ടുണ്ട്. വിലയിരുത്തൽ സമിതി രൂപീകരിച്ചിട്ടുണ്ടെങ്കിലും ആശ്രയ പുരോഗതി റിപ്പോർട്ട് ഭരണസമിതിക്ക് സമർപ്പിച്ചിട്ടില്ലാത്തതിനാൽ ആശ്രയ പദ്ധതി പ്രകാരം

നാളിതുവരെ കൈവരിച്ച പ്രയോജനം ഗ്രാമപഞ്ചായത്ത് തലത്തിൽ പരിശോധിച്ചിട്ടില്ലാത്തതായി വ്യക്തമാകുന്നു. ആശ്രയ ലിസ്റ്റിൽ ഉൾപ്പെട്ട കുടുംബങ്ങൾക്ക് ഭക്ഷ്യകിറ്റ് വിതരണം ചെയ്യുന്നതിനോടൊപ്പം അവരുടെ മറ്റു പ്രശ്നങ്ങളും പരിഹരിക്കപ്പെടേണ്ടതുണ്ട്. വിവിധ പദ്ധതികളിൽ ഉൾപ്പെടുത്തി അവർക്ക് വേണ്ട പിന്തുണനൽകേണ്ടതാണ്. ആശ്രയപദ്ധതി പുരോഗതി വിലയിരുത്തേണ്ടതാണ്. ഈ വിഷയത്തിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും, ഭരണസമിതിയുടെയും പ്രത്യേക ശ്രദ്ധ പതിയേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി. നം. 3 തീയതി.7.9.21

## 1-14 ലൈഫ് ഭവന പദ്ധതി - അവലോകനം

ലൈഫ് മിഷൻ പ്രകാരം ഭൂമിയുള്ള ഭവനരഹിതർക്ക് ഭവനം എന്ന പദ്ധതി പ്രോജക്ട് നമ്പർ 189/19-20(S.O) പട്ടികജാതി വിഭാഗത്തിൽപ്പെട്ട ഗുണഭോക്താക്കൾക്കും, പ്രോജക്ട് നമ്പർ 150/19-20 ഭൂമിയുള്ള ഭവനരഹിതർക്കും, ഭൂരഹിത ഭവനരഹിതർക്കും ധനസഹായം നൽകൽ ജനറൽ വിഭാഗത്തിൽപ്പെട്ടവർക്കുമായി തൻവർഷം നടപ്പിലാക്കി. പദ്ധതികളുടെ ഫണ്ട് വകയിരുത്തൽ ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നമ്പർ 189/19-20 (S.O) പട്ടികജാതി | | | പ്രോജക്ട് നമ്പർ 150/19-20 ജനറൽ | | |
|---|---|---|---|---|---|
| ഫണ്ട് | അടങ്കൽ | ചെലവ് | ഫണ്ട് | അടങ്കൽ | ചെലവ് |
| വികസനഫണ്ട് എസ്.സി.പി. | 429400 | 400000 | വികസനഫണ്ട്പൊതുവിഭാഗം | 1982976 | - |
| | | | സ്റ്റേറ്റ് ഷെയർ | 24200000 | 11600000 |
| ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 351563 | 350000 | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 2600000 | 2320000 |
| ജില്ലാ പഞ്ചായത്ത് വിഹിതം | 218807 | 210000 | ജില്ലാ പഞ്ചായത്ത് വിഹിതം | 200000 | - |
| ലോൺ | 2160230 | - | ലോൺ | 55615083 | -12140000 |
| ആകെ | 3160000 | 960000 | ആകെ | 84598059 | 26060000 |

ജനറൽ വിഭാഗത്തിൽപ്പെട്ട 146 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 140 ഗുണഭോക്താക്കൾ 2019-20 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 6 ഗുണഭോക്താക്കൾ 20-21 സാമ്പത്തിക വർഷത്തിൽ ആണ് പണി പൂർത്തീകരിച്ചിട്ടുള്ളത്. പട്ടികജാതി വിഭാഗത്തിൽ 7 ഗുണഭോക്താക്കൾ എഗ്രിമെന്റ് വച്ചതിൽ 5 ഗുണഭോക്താക്കൾ 2019-20 സാമ്പത്തിക വർഷത്തിൽ പണി പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കി 2 ഗുണഭോക്താക്കൾ 20-21 സാമ്പത്തിക വർഷത്തിൽ ആണ് പണി പൂർത്തീകരിച്ചിട്ടുള്ളതെന്ന് നിർവഹണ ഉദ്യോഗസ്ഥനായ വി.ഇ.ഒ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്.

## 1-15 മഴക്കാലപൂർവ്വ ശുചീകരണം-ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല-തുക തടസ്സപ്പെടുത്തുന്നു

മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 300000/- രൂപ (270000-ചെക്ക് നം.031720/9.5.19, *30000-31724/10.5.19* പ്രകാരം മെഡിക്കൽ ഓഫീസർ, പി.എച്ച്.സിയ്ക്ക് നൽകിയിട്ടുണ്ട്. വാർഡൊന്നിന് 15,000/- രൂപ വീതം 20 വാർഡുകളിലേക്ക് അനുവദിച്ച തുകയുടെ ചെലവുരേഖകൾ ഹാജരാക്കിയിട്ടില്ല. 5,000/- രൂപ തനതുഫണ്ടും 10,000/- രൂപ ശുചിത്വമിഷൻ ഫണ്ടിനത്തിൽ തനതുഫണ്ടിൽ നിന്നും മുൻകൂർ തുക അനുവദിച്ചു. ചെലവുരേഖകൾ

ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭിച്ചിട്ടില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ ചെലവുതുകയായ 3,00,000/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

**എൻക്വയറി നം.18/14.9.21.**

**തടസ്സപ്പെടുത്തിയ തുക-300000/-രൂപ.**

**1-16 ഡി.എ.കുടിശ്ശിക തുക അനുവദിച്ചതിൽ നിന്നും ജീവനക്കാരുടെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം കുറവു ചെയ്തിട്ടില്ല.**

ഗ്രാമപഞ്ചായത്തിലെ കോൺട്രിബ്യൂട്ടറി പെൻഷൻ വിഹിതം അടവാക്കുന്ന ജീവനക്കാർക്ക് സ.ഉ(പി) 44/19 തീയതി 4.4.19 പ്രകാരം 1.1.18 മുതൽ 31.3.19 വരെയുള്ള ഡി.എ കുടിശ്ശിക ചെക്ക് നം.031728/15.5.2019 പ്രകാരം അനുവദിച്ചിട്ടുണ്ട്. വിഹിതം അടവാക്കുന്ന ജീവനക്കാരുടെ ശമ്പളവും ഡി.എ യും ചേർന്ന തുകയുടെ 10% തുക പെൻഷൻ ഫണ്ടിലേക്ക് ഒടുക്കു വരുത്തേണ്ടതാണ്. എന്നാൽ,ടി പദ്ധതിയിലുള്ള ജീവനക്കാരുടെ കുടിശ്ശികയിൽ നിന്നും 10% വിഹിതം കുറവുചെയ്തിട്ടില്ല.ജീവനക്കാരുടെ വിവരങ്ങൾ ചുവടെക്കൊടുക്കുന്നു.

| പേര്/തസ്തിക | അനുവദിച്ച തുക | പെൻഷൻ വിഹിതം | പഞ്ചായത്ത് വിഹിതം |
|---|---|---|---|
| ഹരി. ആർ(ക്ലർക്ക്) | 10955 | 1096 | 1096 |
| ശ്രീലക്ഷ്മി (OA) | 9545 | 955 | 955 |
| ലുബാബ്ബ (FTS) | 9397 | 940 | 940 |

ജീവനക്കാരുടെ വിഹിതവും പഞ്ചായത്ത് വിഹിതവും ചേർത്ത് ദേശീയ പെൻഷൻ പദ്ധതിയിൽ ഒടുക്കാത്തതിന് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് നലകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.ആയത് ഒടുക്കുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

എൻക്വയറി നം.7/9.9.2021

**1-17 കുടിവെള്ള വിതരണം-ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ചു.-84625 രൂപ നിരാകരിക്കുന്നു.**

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയയിനത്തിൽ 84625 രൂപ അധികം നൽകിയതായി കാണുന്നു.

01.04.2019 മുതൽ 31.05.2019 വരെ നടത്തിയ കുടിവെള്ള വിതരണം സംബന്ധിച്ച കുടിവെള്ള വിതരണ സ്റ്റേറ്റ്മെന്റ്, ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ 3 ടാങ്കർ ലോറികളിലായി കിലോമീറ്ററിന് 81 രൂപ ക്രമത്തിൽ 14625 കിലോമീറ്റർ വാഹനം ഓടിയതിന്റെ തുകയായ 1184625/- രൂപ ശ്രീ. ഹാഷിക്ക്, ആലുവിളയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഓടിയ ദൂരം | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|
| 1512 Km | 122472/- | 031723/10.5.19 |
| 2133 Km | 172773/- | 031723/10.5.19 |
| 2241 Km | 181521/- | 031723/10.5.19 |
| 1664 Km | 134784/- | 031758/4.6.19 |
| 1566 Km | 126846/- | 031758/4.6.19 |
| | | |

| | | |
|---|---|---|
| 1722 Km | 139482/- | 031758/4.6.19 |
| 3787 Km | 306747/- | 031972/29.6.19 |
| ആകെ – 14625 Km | 1184625/- രൂപ | |

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതു സംബന്ധിച്ച ജി.ഒ(ആർ.ടി)നം.500/19 എൽ.എസ്.ജി.ഡി തീയതി 2.3.2019 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 1.4.2019 മുതൽ 31.5.2019 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 1100000 രൂപ മാത്രമാണ്. തുക അധികം അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, അംഗീകരിച്ച കമ്മിറ്റി തീരുമാനം, കരാർവച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടുമില്ല. കൂടാതെ കുടിവെള്ളത്തിന്റെ അളവ് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. തുക അനുവദിക്കേണ്ടത് വാഹനങ്ങളുടെ ജി.പി.എസ്. ലോഗും ക്രോസ്ചെക്ക് ചെയ്ത് വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല.

മേൽ ഉത്തരവുപ്രകാരം അനുവദിക്കാവുന്നതിലും അധികം തുക അനുവദിച്ചതിനാൽ 84625 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. ചെലവു രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 1100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 8/9.9.2021

**<u>1-18 വൗച്ചർ പരിശോധിച്ചതിൽ ശ്രദ്ധയിൽപ്പെട്ട അപാകതകൾ</u>**

1. വൗച്ചർ നം. 21900080/27.4.19

ഗ്രാമപഞ്ചായത്തിലെ9-ാം വാർഡിലെ കുരിശ്ശടി ജംഗ്ഷനിലെ പഞ്ചായത്ത് കിണർ, പണിക്കർ ജംഗ്ഷനിലെ പഞ്ചായത്ത് കിണർ എന്നിവ വൃത്തിയാക്കിയ ഇനത്തിൽ 9000 രൂപ ചന്ദ്രൻ, ചന്ദ്രവിലാസം, കുന്നിക്കോട് എന്നയാൾക്ക് ചെക്ക് നം. 031694/27.4.19 പ്രകാരം നൽകിയിട്ടുണ്ട്. എന്നാൽ ടിയാന്റെ അപേക്ഷ പ്രകാരം കുരിശ്ശടി ജംഗ്ഷനിലെ പഞ്ചായത്ത് കിണർ വൃത്തിയാക്കിയയിനത്തിലുള്ള തുക അനുവദിക്കണമെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. വാല്യുവേഷൻ പ്രകാരം ടി കിണർ വൃത്തിയാക്കുന്നതിന് 4250 രൂപ അനുവദിക്കാവുന്നതാണെന്ന് ഓവർസിയർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. തുക അധികം നൽകാനുള്ള സാഹചര്യം വ്യക്തമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. ആയതിനാൽ ഈയിനത്തിൽ അനുവദിച്ച 4750 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

2. വൗച്ചർ നം. 21900268/19.6.19

ഐ.എസ്.ഒ സർട്ടിഫിക്കേഷന്റെ ഭാഗമായി റെക്കോർഡ് റൂം, പാർട്ടീഷൻ, ഫ്രണ്ട് ഓഫീസ് കബോർഡ്, ഡോറുകൾ എന്നിവ നിർമ്മിച്ച വകയിൽ ജി.എസ്. അലൂമിനിയം ഫേബ്രിക്കേഷൻ എന്ന സ്ഥാപനത്തിന് 40000 രൂപ ചെക്ക് നം. 31952/19.6.19 പ്രകാരം നൽകിയിട്ടുണ്ട്. ടി പ്രവൃത്തിക്കായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ല. ആയത് ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകൾ ഹാജരാക്കാത്തതിനാൽ 40000 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

3. വൗച്ചർ നം. 21900040, 21900227 & 21900666

പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ അപകടകരമായ അവസ്ഥയിൽ നിന്ന മരങ്ങൾ മുറിച്ചുമാറ്റിയയിനത്തിൽ ചുവടെപ്പറയും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട്. എന്നാൽ ഇത് സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ളതാണോ പഞ്ചായത്തിന്റെ അധീനതയിലുള്ളതാണോയെന്ന് വ്യക്തമല്ല.

| തുക | ചെക്ക് നം./തീയതി |
|---|---|
| 4000/- | 031676/5.4.19 |
| 5000/- | 031757/4.6.19 |
| 8500/- | 022651/15.10.19 |

മുറിച്ചിട്ട തടി ലേലം ചെയ്തിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, വാല്യുവേഷൻ എടുത്തതിന്റെ രേഖകൾ എന്നിവ ഹാജരാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. രേഖകളുടെ അഭാവത്തിൽ ചെലവുതുകയായ 17500 രൂപ തടസ്സത്തിൽ വയ്ക്കുന്നു. പഞ്ചായത്തിന്റെ അധീനതയിലുള്ള വൃക്ഷങ്ങളാണെങ്കിൽ തടി ലേലം ചെയ്യുന്നതിന് നടപടി സ്വീകരിക്കേണ്ടതും സ്വകാര്യവ്യക്തികളുടെ ഉടമസ്ഥതയിലുള്ളവയാണെങ്കിൽ ചെലവുതുക വൃക്ഷത്തിന്റെ ഉടമസ്ഥരിൽ നിന്നും ഈടാക്കേണ്ടതുമാണ്.

എൻക്വയറി നം - 18/14.9.2021

**1-19 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല**

2019-2020 സാമ്പത്തിക വർഷത്തെ തൊഴിൽനികുതി രജിസ്റ്റർ പരിശോധിച്ചതിൽ ചുവടെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | സപ്ലൈക്കോ സൂപ്പർമാർക്കറ്റ്, കുന്നിക്കോട് | I &II |
| 2 | സെൻട്രൽ ബാങ്ക് ഓഫ്ഇൻഡ്യ, കുന്നിക്കോട് | I &II |
| 3 | കെ.എസ്.ഇ.ബി, വിളക്കുടി | I &II |
| 4 | റേഷൻ സബ് ഡിപ്പോ (സപ്ലൈക്കോ) | I &II |
| 5 | കൊല്ലം ജില്ലാ സഹകരണബാങ്ക്, കുന്നിക്കോട് | II |
| 6 | ഇളമ്പൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക് | II |
| 7 | തോമസ് വൈദ്യൻ മെമ്മോറിയൽ ഹോസ്പിറ്റൽ, ഇളമ്പൽ | I &II |
| 8 | മുത്തൂറ്റ് ഫിൻകോർപ്പ് ലിമിറ്റഡ്, കുന്നിക്കോട് | II |
| 9 | പോപ്പുലർ മോട്ടോർ വേൾഡ് പ്രൈവറ്റ് ലിമിറ്റഡ് | II |
| 10 | പോപ്പുലർ ഹ്യുണ്ടായ് | I &II |
| 11 | സാരഥി മോട്ടോഴ്സ്, ഇളമ്പൽ | I &II |
| 12 | തെറ്റിക്കുഴി ഹോസ്പിറ്റൽ, കുന്നിക്കോട് | I &II |
| 13 | സാരഥി ഓട്ടോകാർസ്, ഇളമ്പൽ | I &II |
| 14 | ബി.എസ്.എൻ.എൽ, കുന്നിക്കോട് | I &II |

മേൽ സ്ഥാപനങ്ങളിൽ നിന്നും തൊഴിൽനികുതി ഈടാക്കിയിട്ടുണ്ടെങ്കിൽ ആയതിന്റെ രേഖകൾ, തൊഴിൽനികുതി സ്റ്റേറ്റുമെന്റ് എന്നിവ പരിശോധനയ്ക്ക് ഹാജരാക്കുന്നതിന് നൽകിയ

എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്റ്റ് വകുപ്പ് 204, 1996 ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽ നികുതി) ചട്ടങ്ങൾ എന്നിവ പ്രകാരം പഞ്ചായത്ത് പ്രദേശത്ത് ഒരു അർദ്ധവർഷത്തിൽ 60 ദിവസത്തിൽ കുറയാതെ ഇടപാട് നടത്തുന്ന ഏതൊരു സ്ഥാപനത്തിനുമേലും തൊഴിൽ നികുതി ചുമത്തേണ്ടതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി രേഖാമൂലം അറിയിക്കേണ്ടതാണ്.

**1-20 വാണിജ്യാവശ്യത്തിനുള്ള 100 ച. മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങൾ വിഭജിച്ച് വസ്തു നികുതി നിർണ്ണയിച്ചതു മൂലം ഗ്രാമപഞ്ചായത്തിന് വരുമാന നഷ്ടം**

ഗ്രാമപഞ്ചായത്തിലെ വസ്തു നികുതി സംബന്ധിച്ച വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും പരിശോധിച്ചതിൽ വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളെ വിഭജിച്ച് വസ്തുനികുതി നിർണ്ണയിക്കുന്നതു മൂലം വസ്തുനികുതിയിൽ വലിയ കുറവുണ്ടാവുന്നതായി കാണുന്നു. 1994ലെ കേരള പഞ്ചായത്ത് രാജ് നിയമം 203(9) വകുപ്പിൽ ഒരു കെട്ടിടത്തിന്റെ കാര്യത്തിൽ 2-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന രണ്ടോ അതിലധികമോ ഉപയോഗങ്ങളോ അതിന്റെ ഉപവിഭാഗങ്ങളോ (7)-ാം ഉപവകുപ്പിൽ പരാമർശിക്കുന്ന എതെങ്കിലും രണ്ടോ അതിലധികമോ ഘടകങ്ങളോ ഒരു ഘടകത്തിന്റെ രണ്ടോ അതിലധികമോ തരങ്ങളോ ഒരേ സമയം ബാധകമാകുന്ന പക്ഷം പ്രസ്തുത കെട്ടിടത്തിന്റെ അതാത് ഭാഗത്തിന് ബാധകമായ രീതിയിൽ വസ്തുനികുതി വെവ്വേറെ കണക്കാക്കി ആ കെട്ടിടത്തിന്റെ മൊത്തം വാർഷിക വസ്തു നികുതി തിട്ടപ്പെടുത്തേണ്ടതാണ് എന്ന് നിഷ്കർഷിക്കുന്നു. 2011ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 3(5) പ്രകാരം ഒരു കെട്ടിടത്തിന്റെ വ്യത്യസ്ത ഭാഗങ്ങൾ 4-ാം ചട്ടം 1-ാം ഉപചട്ടത്തിൽ പ്രതിപാദിച്ചിരിക്കുന്ന വ്യത്യസ്ത ഉപയോഗക്രമങ്ങൾക്ക് ഉപയോഗിക്കുന്നുണ്ടെങ്കിൽ മാത്രമേ വേറെ വേറെ കെട്ടിടങ്ങളായി കണക്കാക്കി ഓരോ കെട്ടിട ഭാഗത്തിനും പ്രത്യേക വസ്തു നികുതി ചുമത്തേണ്ടതുള്ളൂ. ഇതു പ്രകാരം ഒരു കെട്ടിട ഉടമയുടെ ഒന്നിച്ചുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം ഒന്നായി നികുതി നിർണ്ണയം നടത്തേണ്ടതാണ്. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിൽ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 60/-രൂപയായും 100 ചതുരശ്ര മീറ്റർ വരെ തറ വിസ്തീർണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ബാധകമായ നിരക്ക് ചതുരശ്രമീറ്ററിന് 50/-രൂപയായും പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട് . വസ്തു നികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്സ്മെന്റ് രജിസ്റ്ററും, സഞ്ചയസോഫ്റ്റ് വെയറും പരിശോധിച്ചതിൽ 100ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങൾക്ക് ഉയർന്ന നിരക്കിൽ നികുതി നിർണയിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി (ച. മിറ്ററിന് 50 രൂപ നിരക്കിൽ) | നിർണ്ണയിക്കേണ്ടിയിരുന്ന അടിസ്ഥാന വസ്തുനികുതി (ച. മിറ്ററിന് 60 രൂപ നിരക്കിൽ) | അടിസ്ഥാന വസ്തുനികുതിയിൽ കുറവുണ്ടായ തുക |
|---|---|---|---|---|---|---|---|
| 1 | 17 | 739 | ജിജി തോമസ് | 133.39 | 6670 | 8003 | 1333 |
| 2 | 17 | 746 | ജോജിൻ. ടി. ജേക്കബ് | 63.19 | 3159 | 3791 | 632 |

| | | | | | | | |
|---|---|---|---|---|---|---|---|
| 3 | 17 | 747 | ജോജിൻ. ടി. ജേക്കബ് | 60.85 | 3042 | 3651 | 609 |
| 4 | 17 | 748 | ജോജിൻ. ടി. ജേക്കബ് | 63.14 | 3157 | 3788 | 631 |
| 5 | 12 | 786 | സി.ജി.അലക്സാണ്ടർ | 140 | 7000 | 8400 | 1400 |
| 6 | 12 | 787 | സി.ജി.അലക്സാണ്ടർ | 136 | 6800 | 8160 | 1360 |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ചതായും കുടിശ്ശിക സഹിതം ഈടക്കുന്നതിന് നടപടി സ്വീകരിച്ചതായും എൻക്വയറിയ്ക്ക് (എൻക്വയറി നം. 17) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ചതിന്റെയും കുടിശ്ശിക സഹിതം ഈടാക്കിയതിന്റെയും രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.പഞ്ചായത്തിന് വരുമാനനഷ്ടമുണ്ടാകാനിടയുള്ള ഇത്തരം പ്രവണത നിലനില്ക്കുന്നുണ്ടോ എന്നുള്ള തുടർപരിശോധനകൾ ഭരണനിർവഹണവിഭാഗങ്ങൾ കൈക്കൊള്ളണ്ടതാണ്.

## 1-21 പ്രാഥമിക മേഖലിലെ കെട്ടിടങ്ങളെ ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി നികുതി ഇളവ് നൽകുന്നു

വസ്തുനികുതി നിർണയവുമായി ബന്ധപ്പെട്ട രേഖകളും, അസസ്മെന്റ് രജിസ്റ്ററും, പരിശോധിച്ചതിൽ പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് ദ്വിതീയമേഖലയിൽ ഉൾപ്പെടുത്തി 10 ശതമാനം നികുതി ഇളവ് നൽകിയതായി വ്യക്തമാവുന്നു. തദ്ദേശ സ്വയംഭരണ (ആർ.ഡി)വകുപ്പിന്റെ 14-01-11ലെ സർക്കാർ ഉത്തരവ് (അച്ചടി)19/2011 ത.സ്വ.ഭ.വ.നമ്പർ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് നികുതി നിർണ്ണയിക്കേണ്ടതും പ്രാഥമിക മേഖലയിലെ കെട്ടിടങ്ങൾക്ക് നികുതിയിളവോ വർദ്ധനവോ ഇല്ലയെന്നും, ദ്വീതീയ മേഖലയിലെ കെട്ടിടങ്ങൾക്ക് 10 ശതമാനം നികുതിയിളവും, തൃതീയമേഖലയിലെ കെട്ടിടങ്ങൾക്ക് 20 ശതമാനം നികുതിയിളവും അനുവദിക്കണമെന്നുമാണ്. മേൽ ഉത്തരവ് പ്രകാരം പഞ്ചായത്ത് പ്രദേശത്തെ പ്രഥമ, ദ്വീതീയ, തൃതീയ മേഖലകളാക്കി തിരിച്ച് 17-12.2011 ലെ കമ്മറ്റി തീരുമാനപ്രകാരം പഞ്ചായത്ത് വിജ്ഞാപനം ചെയ്തിട്ടുണ്ട്. പഞ്ചായത്ത് വിജ്ഞാപനപ്രകാരം പ്രാഥമിക മേഖലയിൽ ഉൾപ്പെടുന്ന സ്ഥലത്ത് നിർമ്മിച്ച കെട്ടിടങ്ങൾക്കും ദ്വീതീയ മേഖലയിലാണ് സ്ഥിതിചെയ്യുന്നതെന്ന് രേഖപ്പെടുത്തി 10 ശതമാനം നികുതിയിളവ് നൽകുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | വാർഡ് നമ്പർ | കെട്ടിട നമ്പർ | ഉടമയുടെ പേര് | ച.മി | നിർണ്ണയിച്ച അടിസ്ഥാന വസ്തുനികുതി | ദ്വിതീയ മേഖല അടിസ്ഥാനത്തിൽ 10 ശതമാനം കുറച്ചതിനാൽ വസ്തുനികുതിയിൽ കുറവുണ്ടായ തുക | കെട്ടിടം സ്ഥിതി ചെയ്യുന്ന പ്രാഥമിക മേഖല |
|---|---|---|---|---|---|---|---|
| 1 | 2 | 913 | സമീർ | 150.43 | 9026 | 903 | കുന്നിക്കോട്-പട്ടാഴി |
| 2 | 2 | 933 | ഷെമിം | 14.25 | 713 | 71 | കുന്നിക്കോട്-പട്ടാഴി |
| 3 | 2 | 934 | ഷെമിം | 14.25 | 713 | 71 | കുന്നിക്കോട്-പട്ടാഴി |
| 4 | 2 | 935 | ഷെമിം | 238.4 | 1605.93 | 160 | കുന്നിക്കോട്- |

| | | | | | | | |
|---|---|---|---|---|---|---|---|
| | | | | | | | പട്ടാഴി |
| 5 | 12 | 846 | ഹാരിസ് | 188.8 | 1321 | **132** | നാഷണൽ ഹൈവേ |

പ്രസ്തുത കെട്ടിടങ്ങളുടെ വസ്തുനികുതി ഓഡിറ്റ് ചൂണ്ടിക്കാട്ടിയ പ്രകാരം വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായും എൻക്വയറിയ്ക്ക് (എൻക്വയറി നം. 16) മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി പുനർ നിർണ്ണയിച്ച് കുടിശ്ശിക സഹിതം ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## <u>1-22 വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല, 5,92,411 രൂപ തടസ്സപ്പെടുത്തുന്നു.</u>

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയിട്ടുള്ള താഴെ കൊടുത്തിട്ടുള്ള പ്രോജക്ടുകളുടെ വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല.

| ക്രമ നം | പ്രോജക്ട് | തുക സ്വീകരിച്ച സ്ഥാപനം | അടവാക്കിയ തുക | ബിൽ നം/ ചെക്ക് നം, തീയതി |
|---|---|---|---|---|
| 1 | പി എച്ച് എസ് സി ജംഗ്ഷനിൽ സാംസ്കാരിക കേന്ദ്രം നിർമ്മാണം, ബ്ലോക്കിന് വിഹിതം നല്കൽ (184/20)<br>അടങ്കൽ തുക - 3,00,000/- (തനത് ഫണ്ട്) | പത്തനാപുരം ബ്ലോക്ക് പഞ്ചായത്ത് | 1,67,986/-<br>29,369/- | 73403, 23-10-19<br>2936363, 31-03-20 |
| 2 | പോസ്റ്റ് ഷിഫ്റ്റിംഗ് (186/20)<br>അടങ്കൽ തുക - 56,284/- (തനത് ഫണ്ട്) | കെ എസ് ഇ. ബി | 21,641/-<br>31,296/- | 327558, 17-10-19<br>2426185, 24-9-19 |
| 3 | പോസ്റ്റ് ഷിഫ്റ്റിംഗ് (272/20)<br>അടങ്കൽ തുക - 4,00,000/- (തനത് ഫണ്ട്) | കെ എസ് ഇ. ബി | 92,276/-<br>51,888/-<br>47,178/-<br>33,952/-<br>30,554/-<br>17,951/-<br>68,320/- | 327558, 17-10-19<br>327558, 17-10-19<br>2926926, 26-02-20<br>2526975, 25-02-20<br>2926914, 28-11-19<br>2926953, 30-01-20<br>2986954, 04-02-20 |
| | | ആകെ | 5,92,411/- | |

വിനിയോഗ സാക്ഷ്യപത്രം പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ലാത്തതിനാൽ 592411/- രൂപ തടസ്സപ്പെടുത്തുന്നു.

തടസ്സം – 5,92,411/- രൂപ

ഓഡിറ്റ് അന്വേഷണം – 13, തീയതി 13-09-2011

**1-23 തെരുവ് വിളക്ക് പരിപാലനം നിർവ്വഹണത്തിലെ അപാകതകൾ**

സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 2019-20 സാമ്പത്തിക വർഷം നിർവ്വഹണം നടത്തിയിട്ടുള്ള തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്ക് സാധനം വാങ്ങൽ (47/20) എന്ന പ്രോജക്ടിന്റെ നിർവ്വഹണവുമായി ബന്ധപ്പെട്ട് കെ എം അസോസിയേറ്റ്സ്, എന്ന സ്ഥാപനത്തിൽ നിന്നും 4,99,416/- രൂപ ചെലവഴിച്ച് താഴെ കൊടുത്തിട്ടുള്ള ഉപകരണങ്ങൾ വാങ്ങി.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | എൽ.ഇ.ഡി ബൾബ് | 2200 |
| 2 | ഇൻസുലേഷൻ ടേപ്പ് | 200 |
| 3 | പെൻഡൻറ് ഹോൾഡർ | 1000 |
| 4 | ഇലക്ട്രോണിക് ചോക്ക് | 500 |
| 5 | അലൂമിനിയം ഷീൽഡ് | 400 |
| 6 | അലൂമിനിയം വയർ 2.5 | 20 കോയിൽ |
| 7 | അലൂമിനിയം വയർ 1.5 | 40 കോയിൽ |
| 8 | സൈഡ് ഹോൾഡർ | 500 |
| 9 | സ്റ്റാർട്ടർ | 400 |
| 10 | ട്യൂബ് | 1000 |

തെരുവ് വിളക്ക് അറ്റകുറ്റപ്പണികൾക്കായി വാങ്ങിയ ഉപകരണങ്ങൾ താഴെ കൊടുത്തിരിക്കും പ്രകാരം തുല്യമായി 20 വാർഡുകൾക്കും നല്കി.

| ക്രമ നം | ഇനം | എണ്ണം |
|---|---|---|
| 1 | എൽ.ഇ.ഡി ബൾബ് | 110 |
| 2 | ഇൻസുലേഷൻ ടേപ്പ് | 10 |
| 3 | പെൻഡൻറ് ഹോൾഡർ | 50 |
| 4 | ഇലക്ട്രോണിക് ചോക്ക് | 25 |
| 5 | അലൂമിനിയം ഷീൽഡ് | 20 |
| 6 | അലൂമിനിയം വയർ 2.5 | 1 കോയിൽ |
| 7 | അലൂമിനിയം വയർ 1.5 | 2 കോയിൽ |
| 8 | സൈഡ് ഹോൾഡർ | 25 |
| 9 | സ്റ്റാർട്ടർ | 20 |
| 10 | ട്യൂബ് | 50 |

ടി ഉപകരണങ്ങൾ ആരാണ് കൈപ്പറ്റിയിട്ടുള്ളത് എന്നതു സംബന്ധിച്ചുള്ള രേഖപ്പെടുത്തലുകൾ ഒന്നും തന്നെ വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ല. കൂടാതെ ആവശ്യകത പരിഗണിക്കാതെ എല്ലാ വാർഡുകൾക്കും തുല്യമായി ഉപകരണങ്ങൾ വിതരണം ചെയ്തതിന്റെ മാനദണ്ഡവും വ്യക്തമല്ല. നല്കിയ ഉപകരണങ്ങൾ ഉപയോഗിച്ചതിന്റെ രേഖപ്പെടുത്തലുകൾ ഒന്നും തന്നെയില്ല. ആവശ്യമായ രജിസ്റ്ററുകൾ സൂക്ഷിക്കാതെ, ആവശ്യകത പോലും പരിഗണിക്കാതെ ഉപകരണങ്ങൾ വാങ്ങുകയും

വിതരണം നടത്തുകയും ചെയ്തിരിക്കുന്നു. വിതരണ രേഖകളുടെയും ഉപയോഗിച്ചതിന്റെയും വിവരം ലഭ്യമല്ലാത്തതിനാൽ ഈയിനത്തിൽ ചെലവഴിച്ച 499416/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

ഇത്തരം അപാകതകൾ ആവർത്തിക്കാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതും, അടാട്ട് മാതൃക നടപ്പിലാക്കേണ്ടത് സംബന്ധിച്ച് പഞ്ചായത്ത് ഡയറക്ടറുടെ 17-08-2018 ലെ ജി2/44274/15 ഉത്തരവിൽ പറഞ്ഞിരിക്കുന്ന പ്രകാരമുള്ള നടപടിക്രമങ്ങൾ പാലിക്കേണ്ടതും, ഉത്തരവിലെ നിർദ്ദേശ പ്രകാരമുള്ള രജിസ്റ്ററുകൾ തയ്യാറാക്കി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതുമാണ്.

**1-24 മരാമത്ത് പ്രവൃത്തികളിലെ പൊതുവായ അപാകതകൾ**

2019-20 സാമ്പത്തിക വർഷത്തിലെ മരാമത്ത് പ്രവൃത്തികളുടെ പരിശോധനയിൽ കാണപ്പെട്ടിട്ടുള്ള പൊതുവായ അപാകതകൾ

1) മരാമത്ത് പ്രവൃത്തികളുടെ ഫയലുകൾ ആവശ്യമായ രേഖകൾ യഥാക്രമം ഉൾപ്പെടുത്തിയല്ല പരിശോധനയ്ക്ക് ഹാജരാക്കിയിട്ടുള്ളത്.

2) ടെണ്ടർ ചെയ്യപ്പെട്ടിട്ടുള്ള പ്രവൃത്തികൾ മത്സര സ്വഭാവത്തിലുള്ള ടെണ്ടറുകൾ ലഭിച്ചിട്ടില്ല. മിക്കവാറും എല്ലാപ്രവൃത്തികൾക്കും എസ്റ്റിമേറ്റ് നിരക്ക്, എസ്റ്റിമേറ്റ് നിരക്കിൽ നിന്നും 0.001% കുറവും രേഖപ്പെടുത്തിയിട്ടുള്ളതുമായ 2 ടെണ്ടറുകൾ വീതമാണ് ലഭിച്ചിട്ടുള്ളത്. കരാറുകാർ തമ്മിലുള്ള ഒത്തുകളി ടെണ്ടർ നടപടികളിൽ ദൃശ്യമാണ്. ഇത് ഒഴിവാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

3) പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് മോണിറ്ററിംഗ് സമിതിയുടെ സാക്ഷ്യപത്രം ഉൾപ്പെടുത്തുന്നില്ല.

4) റോഡ് കണക്റ്റിവിറ്റി മാപ്പ് തയ്യാറാക്കി അതിൻപ്രകാരം റോഡ് പ്രവൃത്തികളുടെ നിർവ്വഹണം നടത്തുന്നതിനുപകരം 50 മീറ്ററിൽ താഴെയുള്ള നിരവധി പ്രവൃത്തികൾ ചെയ്യുന്നു. പഞ്ചായത്തുതല ആസൂത്രണത്തിനുപകരം വാർഡ്തലത്തിൽ തുകകൾവീതംവയ്ക്കുന്ന പ്രവണത നിലനില്ക്കുന്നു

5) 50,000 രൂപയിൽ താഴെയുള്ള പ്രവൃത്തികളും, സ്കൂൾ, അംഗനവാടി എന്നിവയിലെ പ്രവൃത്തികളും ഗുണഭോക്തൃസമിതി വഴി നിർവ്വഹണം നടത്തിവരുന്നു.ഈ പ്രവൃത്തികളിൽ സംസ്ഥാന ആസൂത്രണ ബോർഡ് 1999 ഡിസംബറിൽ പ്രസിദ്ധീകരിച്ച ഗുണഭോക്തൃ സമിതി മാർഗ രേഖയിലെ പല നിർദ്ദേശങ്ങളും പാലിച്ചിട്ടില്ല. കേരളാ പഞ്ചായത്ത് രാജ് (പൊതു-മരാമത്ത് പണികളുടെ നടത്തിപ്പ്) ചട്ടങ്ങൾ 13 വകുപ്പിൽ ഗുണഭോക്തൃ സമിതിയുടെ പ്രവർത്തനം സംബന്ധിച്ച് വിശദമായി പ്രതിപാദിക്കുന്നുണ്ട്. ഇവയിൽ മിക്ക നിർദ്ദേശങ്ങളും പാലിക്കപ്പെട്ടിട്ടില്ല. വിശദവിവരം താഴെ ചേർക്കുന്നു.

(I) ഗുണഭോക്തൃ സമിതി ഒരു കടലാസ് സംഘടന മാത്രമായി തീരാതിരിക്കുവാനും, കൺവീനർ സ്വന്തം നിലയിൽ ഒരു കരാറുകാരനെപ്പോലെ പ്രവൃത്തിക്കാതിരിക്കുവാനും ഗുണഭോക്തൃ സമിതിയിലെ എക്സിക്യൂട്ടീവ് കമ്മറ്റി അംഗങ്ങൾ എല്ലാവരും ചേർന്ന് പഞ്ചായത്തുമായി കരാറിലേർപ്പെടേണ്ടതാണ്. ഇപ്രകാരം ഒരു പ്രവൃത്തിയിലും കരാർ ഉണ്ടാക്കിയിട്ടില്ല.

(Ii) മസ്റ്റർ റോൾ ക്രമ പ്രകാരം തയ്യാറാക്കിയിട്ടില്ല.

(Iii) വരവ്-ചെലവ് കണക്കുകൾ കൃത്യമായി രേഖപ്പെടുത്തൽ വരുത്തി, വൗച്ചർ നമ്പരിട്ട് സൂക്ഷിച്ചിട്ടില്ല.

(Iv) മിക്ക ഗുണഭോക്തൃ സമിതികളുടേയും പ്രവർത്തനം രൂപീകരണ യോഗത്തിൽ അവസാനിക്കുന്നു.

(V) ഫൈനൽ ബില്ല് ലഭിച്ചതിനു ശേഷം ഗുണഭോക്താക്കളുടെ യോഗം ചേർന്ന് വരവ്- ചെലവ് കണക്കുകൾ അവതരിപ്പിക്കണം. ആവശ്യമായ വിശദീകരണങ്ങൾ നല്കണം. കമ്മറ്റി പിരിച്ചുവിട്ട് ബാങ്ക് അക്കൗണ്ട് അവസാനിപ്പിക്കണം.

(Vi) പ്രവൃത്തി പൂർത്തീകരിച്ചതു സംബന്ധിച്ച് മോണിറ്ററിംഗ് സമിതി ഒരു പ്രവൃത്തിയിലും സാക്ഷ്യപ്പെടുത്തൽ നടത്തിയിട്ടില്ല.

സുതാര്യമായും, ബിനാമി ഇടപാടുകൾക്ക് ഇട വരുത്താതെയും നിർവ്വഹണം നടത്തുന്നതിനായുള്ള സർക്കാർ നിർദ്ദേശങ്ങൾ ഗുണഭോക്തൃ സമിതി വഴി നിർവ്വഹണം നടത്തുന്ന എല്ലാ മരാമത്ത് പ്രവൃത്തികളിലും കൃത്യമായി പാലിക്കപ്പെടേണ്ടതാണ്.

മുകളിൽ കൊടുത്തിട്ടുള്ള അപാകതകൾ സംബന്ധിച്ച് വിശദീകരണം ലഭ്യമാക്കേണ്ടതാണെന്ന് കാണിച്ച് നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 11, 13-09-2021) അപാകതകൾ ആവർത്തിക്കാതിരിക്കുന്നതിന് ശ്രദ്ധിക്കുന്നതാണെന്ന് മറുപടി നല്കി. അപാകതകൾ പരിഹരിച്ച് പ്രവൃത്തികളുടെ നിർവ്വഹണം നടത്തേണ്ടതാണ്. ഇക്കാര്യത്തിൽവികസനകാര്യ സ്ഥിരം സമിതിയുടേയും, ഭരണ സമിതിയുടേയും പ്രത്യേക ശ്രദ്ധ ഉണ്ടാകേണ്ടതാണ്.

**1-25 ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ഗ്രാമപഞ്ചായത്തിൻറെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല**

ഇ ടെണ്ടർ ചെയ്തിട്ടുള്ള മരാമത്ത് പ്രവൃത്തികളുടെ ടെണ്ടർ ഫോറവില ജില്ലാ പഞ്ചായത്ത് എക്സി. എഞ്ചിനീയറുടെ അക്കൗണ്ടിലാണ് ക്രെഡിറ്റ് ചെയ്തിട്ടുള്ളത്. ടി തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്തിട്ടില്ല. തുക ഗ്രാമപഞ്ചായത്തിന്റെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്യേണ്ടതാണ്.

**1-26 യഥാസമയം കരാറിൽ ഏർപ്പെടാത്തവരുമായി ക്രമവിരുദ്ധമായി കരാറിൽ ഏർപ്പെട്ടു, പിഴ ഈടാക്കിയിട്ടില്ല.**

പൊതുമരാമത്ത് മാന്വൽ (2012 ൽ പരിഷ്കരിച്ചത്) ടെണ്ടർ നിബന്ധന എന്നിവ പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതിക്കുശേഷം 1% പിഴ ഈടാക്കികൊണ്ട് കരാർ വയ്ക്കുന്നതിന് 10 ദിവസം കൂടി സമയം അനുവദിക്കാവുന്നതാണ്. ആയതിനു ശേഷവും കരാർവച്ചിട്ടില്ലെങ്കിൽ നിരതദ്രവ്യം കണ്ടുകെട്ടി തുടർനടപടി സ്വീകരിക്കേണ്ടതാണ്. താഴെ കൊടുത്തിട്ടുള്ള മരാമത്ത് പ്രവൃത്തികൾക്ക് കരാർ വച്ചിട്ടുള്ളത് നിയമാനുസൃതമല്ലാതെയും, പിഴ ഈടാക്കാതെയുമാണ്.

| ക്രമ നം | പ്രവൃത്തി വിവരം | കരാർ തുക | ഈടാക്കേണ്ടിയിരുന്ന പിഴ |
|---|---|---|---|
| 1 | പ്രവൃത്തി - ചപ്പക്കോട് റോഡ് സൈഡ്കെട്ട്<br>കരാറുകാരൻ - ശ്രീ. എ. ഹാരീസ്<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-<br>26-11-2018, കരാർവച്ച തീയതി- 19-02-2019 | 150000 | 1500 |
| 2 | പ്രവൃത്തി - പുന്നപ്പള്ളിൽ കനാൽറോഡ് സൈഡ്കെട്ടും കോൺക്രീറ്റിംഗും<br>കരാറുകാരൻ - ശ്രീ. ടി. ഷിഹാബുദ്ദീൻ | 323814 | 3238 |

| | | | |
|---|---|---|---|
| | സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-<br>04-09-2018, കരാർവച്ച തീയതി- 10-10-2018 | | |
| 3 | പ്രവൃത്തി - മലമുകൾ മങ്ങാട് റോഡ്<br>കരാറുകാരൻ- ശ്രീ- ഒ. അബ്ദുൾമജീദ്,<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-<br>27-10-2018, കരാർവച്ച തീയതി- 27-11-2018 | 150000 | 1500 |
| | പ്രവൃത്തി – മേൽപ്പറമ്പിൽ പുലിക്കോണം റോഡ് കോൺക്രീറ്റിംഗ്<br>കരാറുകാരൻ - ശ്രീ. ഷിഹാബുദ്ദീൻ<br>സെലക്ഷൻ നോട്ടീസ് പ്രകാരം പിഴ കൂടാതെ കരാർ വയ്ക്കേണ്ട അവസാന തീയതി-<br>27-10-2018, കരാർവച്ച തീയതി- 10-01-2019 | 100000 | 1000 |
| | | ആകെ | 7238 |

ടി പ്രവൃത്തികളിൽ കരാറിലേർപ്പെട്ടിട്ടുള്ളത് ക്രമ വിരുദ്ധമാണ്. എങ്കിലും പ്രവൃത്തിയുടെ നിർവ്വഹണം നടന്നിട്ടുള്ളതിനാൽ പിഴ ഈടാക്കിവിവരം അറിയിക്കേണ്ടതാണ്., ക്രമ വിരുദ്ധമായി കരാറിലേർപ്പെട്ടതിന് വിശദീകരണം ലഭ്യമാക്കുവാനാവശ്യപ്പെട്ട് കൊണ്ട് 13-09-2021 ൽ നല്കിയ ഓഡിറ്റ് അന്വേഷണത്തിന് (നം 10- എ)മറുപടി ലഭ്യമാക്കിയില്ല.

<u>1-27 വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല – 3,28,900/- രൂപ തടസ്സത്തിൽ വയ്ക്കുന്നു</u>

വയോജനങ്ങൾക്ക് കട്ടിൽ വിതരണം - ചെലവ് രേഖകൾ ഹാജരാക്കിയിട്ടില്ല - തുക തടസ്സത്തിൽ വയ്ക്കുന്നു.

പ്രോജക്ട് നം. 173/2019 - 20. സ്പിൽ ഓവർ. വയോജനങ്ങൾക്ക് കട്ടിൽ
ആകെ അടങ്കൽ - 4,35,000/- വികസന ഫണ്ട്, എസ്.സി.പി.
ആകെ ചിലവ് - 3,28,900/ -
ബിൽ. നം. 2 തീയതി 4.5.19
നിർവഹണ ഉദ്യോഗസ്ഥൻ - അസി. സെക്രട്ടറി

2019 -20 സാമ്പത്തിക വർഷത്തിൽ അസി. സെക്രട്ടറി നിർവഹണ ഉദ്യോഗസ്ഥനായി വയോജനങ്ങൾക്ക് കട്ടിൽ എന്ന സ്പിൽ ഓവർ പദ്ധതി പ്രകാരം 4,35,000/- രൂപ വകയിരുത്തുകയും 3,28,900/- രൂപ ചെലവാകുകയും ചെയ്തിരിയ്ക്കുന്നു. എന്നാൽ പ്രസ്തുത പദ്ധതി സംബന്ധിച്ച ഫയൽ, അപേക്ഷകൾ ചെലവു രേഖകൾ ഇവ ഒന്നും തന്നെ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. രേഖകൾ ഹാജരാക്കുന്നതിനായി നൽകിയ ഓഡിറ്റ് റിക്വസിഷൻ നം. 2 തീയതി 10.9.21 മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ചെലവ് രേഖകൾ ഓഡിറ്റിന് ഹാജരാക്കുന്നതു വരെ 3,28,900/ - രൂപ തടസത്തിൽ വയ്ക്കുന്നു.

ഓഡിറ്റ് റിക്വസിഷൻ - നം. 2 തീയതി 10.9.21
തടസ്സപ്പെടുത്തിയ തുക – 3,28,900/- രൂപ

**1-28 മൊബൈൽ ടവറുകളുടെ വസ്തുനികുതി ഈടാക്കുന്നില്ല**

1) പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് നമ്പർ 19-ൽ മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നില്ല. എന്നാൽ ടി വാർഡിൽ മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

2) പഞ്ചായത്തിലെ വസ്തുനികുതി അസസ്മെന്റ് രജിസ്റ്റർ പ്രകാരം വാർഡ് നമ്പർ 4-ൽ 2 മൊബൈൽ ടവറുകൾ സ്ഥിതിചെയ്യുന്നു. എന്നാൽ ടി വാർഡിൽ 3 മൊബൈൽ ടവറുകൾ സ്ഥിതി ചെയ്യുന്നതായി ഓഡിറ്റിന് ബോധ്യപ്പെട്ടിട്ടുണ്ട്.

ഇത് സംബന്ധിച്ച് നൽകിയ എൻക്വയറിയ്ക്ക് (എൻക്വയറി നം. 8) വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കുന്നതിന് നടപടി സ്വീകരിച്ചതായി മറുപടി നൽകിയിട്ടുണ്ട്. വസ്തുനികുതി നിർണ്ണയിച്ച് ഈടാക്കിയ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

**3-1 കുടിവെള്ള വിതരണം-ഉത്തരവിനു വിരുദ്ധമായി തുക അധികം ചെലവഴിച്ചു.-84625 രൂപ നിരാകരിക്കുന്നു**

വരൾച്ചാ ദുരിതാശ്വാസ പ്രവർത്തനങ്ങളുടെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ വാർഡുകളിൽ കുടിവെള്ള വിതരണം നടത്തിയയിനത്തിൽ 84625 രൂപ അധികം നൽകിയതായി കാണുന്നു.

01.04.2019 മുതൽ 31.05.2019 വരെ നടത്തിയ കുടിവെള്ള വിതരണം സംബന്ധിച്ച കുടിവെള്ള വിതരണ സ്റ്റേറ്റുമെന്റ്, ട്രിപ്പ് ഷീറ്റ് എന്നിവ പരിശോധിച്ചതിൽ 3 ടാങ്കർ ലോറികളിലായി കിലോമീറ്ററിന് 81 രൂപ ക്രമത്തിൽ 14625 കിലോമീറ്റർ വാഹനം ഓടിയതിന്റെ തുകയായ 1184625/- രൂപ ശ്രീ. ഹാഷിക്ക്, ആലുവിളയിൽ എന്നയാൾക്ക് നൽകിയിട്ടുണ്ട്. നൽകിയ തുകയുടെ വിശദാംശങ്ങൾ ചുവടെക്കൊടുക്കുന്നു.

| ഓടിയ ദൂരം | നൽകിയ തുക | ചെക്ക് നം./തീയതി |
|---|---|---|
| 1512 Km | 122472/- | 031723/10.5.19 |
| 2133 Km | 172773/- | 031723/10.5.19 |
| 2241 Km | 181521/- | 031723/10.5.19 |
| 1664 Km | 134784/- | 031758/4.6.19 |
| 1566 Km | 126846/- | 031758/4.6.19 |
| 1722 Km | 139482/- | 031758/4.6.19 |
| 3787 Km | 306747/- | 031972/29.6.19 |
| ആകെ – 14625 Km | 1184625/- രൂപ | |

കുടിവെള്ള ക്ഷാമം രൂക്ഷമായ പ്രദേശങ്ങളിൽ കുടിവെള്ളം വിതരണം ചെയ്യുന്നതു സംബന്ധിച്ച ജി.ഒ(ആർ.ടി)നം.500/19 എൽ.എസ്.ജി.ഡി തീയതി 2.3.2019 പ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് കുടിവെള്ള വിതരണത്തിനായി 1.4.2019 മുതൽ 31.5.2019 വരെ ചെലവഴിക്കാവുന്ന പരമാവധി തുക 1100000 രൂപ മാത്രമാണ്. തുക അധികം അനുവദിക്കാനുണ്ടായ സാഹചര്യം വ്യക്തമാക്കേണ്ടതും കുടിവെള്ള വിതരണത്തിനായി ക്വട്ടേഷൻ ക്ഷണിച്ചതിന്റെ രേഖകൾ, അംഗീകരിച്ച കമ്മിറ്റി തീരുമാനം, കരാർവച്ചതിന്റെ രേഖകൾ എന്നിവ ഹാജരാക്കിയിട്ടുമില്ല. രേഖകൾ ലഭ്യമാക്കുന്നതിന് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. കൂടാതെ കുടിവെള്ളത്തിന്റെ അളവ് സംബന്ധിച്ച് വാട്ടർ അതോറിറ്റിയിൽ നിന്നും അസി. എഞ്ചിനീയറുടെ സാക്ഷ്യപത്രം ഫയലിൽ ലഭ്യമല്ല. തുക അനുവദിക്കേണ്ടത് വാഹനങ്ങളുടെ ജി.പി.എസ്. ലോഗ്ഗം ക്രോസ്ചെക്ക് ചെയ്ത് വേണമെന്ന് ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ടെങ്കിലും ആയത് പാലിച്ചിട്ടില്ല.

മേൽ ഉത്തരവുപ്രകാരം അനുവദിക്കാവുന്നതിലും അധികം തുക അനുവദിച്ചതിനാൽ 84625 രൂപ ഓഡിറ്റിൽ നിരാകരിക്കുന്നു.തുക തിരികെ ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. രേഖകളുടെ അഭാവത്തിൽ ചെലവഴിച്ച 1100000/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

എൻക്വയറി നം. 8/9.9.2021

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 9.9.2021 | KSA KLM P9/1248/21 / 26.03.2022 |

### 4-2 സംയുക്തപ്രോജക്ടുകൾക്കു ലഭിച്ച ഫണ്ട് വിനിയോഗം

(മാർഗ്ഗരേഖ ലംഘിക്കുന്നുണ്ടെങ്കിൽ പ്രത്യേകം പരാമർശിക്കണം.)

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 350000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്.സി) | 210000 | 140000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 175000 | അംഗൻവാടി പോഷകാഹാരം | 175000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 94000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 94000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2600000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി-ഭൂമിയുള്ള ഭവനരഹിതർക്കും ഭൂരഹിത ഭവനരഹിതർക്കും ധനസഹായം | 2320000 | 280000 |
| ബ്ലോക്ക് പഞ്ചായത്ത് | 2019-20 | 2000000 | ക്രിമറ്റോറിയം നിർമ്മാണം | 1041157 | 958843 |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 1500000 | തേക്കുംമൂകൾ ശ്മശാനം റോഡ് നിർമ്മാണം | 1500000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2018-19 | 200000 | ആവണീശ്വരം വെള്ളാക്കോണം ഏലാ റോഡ് സൈഡ് കെട്ട് | 196518 | 3482 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 168000 | അംഗൻവാടി പോഷകാഹാരം | 168000 | 0 |
| ജില്ലാ പഞ്ചായത്ത് | 2019-20 | 210000 | ലൈഫ് ഭവനനിർമ്മാണ പദ്ധതി (എസ്.സി) | 210000 | 0 |

ബ്ലോക്ക്, ജില്ലാ പഞ്ചായത്ത് വിഹിതം – വരവുചെലവ് നീക്കിയിരുപ്പ് വിശദാംശങ്ങൾ ഹാജരാക്കിയില്ല. സുലേഖാ സ്റ്റേറ്റുമെന്റ് പ്രകാരമുള്ള വിവരങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | പോസ്റ്റ് ഷിഫ്റ്റിംഗ് | 20119036<br>20119037<br>20119053<br>20119074<br>20119078<br>20119079<br>20119086<br>20119085<br>20119094 | 399240 | 399240 | 399240 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

## 4-5 വായ്പ / വായ്പാതിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 12980000/- രൂപ വരവുണ്ട്. മുൻബാക്കി 18180000/- രൂപയടക്കം 31160000/- രൂപയിൽ 2102942/- രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവേശഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/ തിയ്യതി | തൻവർഷ വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക | തൻവർഷം തിരിച്ചടച്ച തുക | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |
| KURDFC | ലഭ്യമല്ല | 12980000 | 18182177* | 2147059 | | 29015118 |

* 2018-19 വർഷത്തെ വാർഷിക ധനകാര്യപത്രിക പ്രകാരം തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക 18182177/- രൂപയാണ്.

## 4-6 സ്ഥിര നിക്ഷേപം

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| തൻവർഷം നിക്ഷേപിച്ച തുക | 0 |
| ആകെ | 1000 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

വാർഷികധനകാര്യപത്രിക പ്രകാരം സ്ഥിര നിക്ഷേപം ഇനത്തിൽ 1000/- രൂപ നീക്കിയിരുപ്പുണ്ട്. എന്നാൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമല്ല.

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല

## 4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2001-02 | 3-15 | 2006-07 | 3-11-5 | കൺവീനർമാർക്ക് നൽകിയ മുൻകൂർ ക്രമപ്പെടുത്തിയില്ല | ലഭ്യമല്ല |

## 4-9 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

## 4-10 ഓഡിറ്റ് പ്രത്യവലോകനം

### (എ) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 84625 | ശ്രീ. ടി. എൻ ഭദ്രൻ സെക്രട്ടറി |

**ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക**

| ഖണ്ഡിക നമ്പർ | തുക(രൂ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 300000/- | ശ്രീമതി മറിയാമ്മാ മാത്യൂ, മെഡിക്കൽ ഓഫീസർ(പി എച്ച് സി) |
| 1-18 | 1100000/- | ശ്രീ. ടി. എൻ ഭദ്രൻ, സെക്രട്ടറി |
| 1-19-1 | 4750/- | ശ്രീ. ടി. എൻ ഭദ്രൻ, സെക്രട്ടറി |
| 1-19-2 | 40000/- | ശ്രീ. ടി. എൻ ഭദ്രൻ, സെക്രട്ടറി |
| 1-19-3 | 9000/-<br>8500/- | ശ്രീ. ടി. എൻ ഭദ്രൻ, സെക്രട്ടറി<br>ശ്രീ. കെ. രാജ് കുമാർ, സെക്രട്ടറി |
| 1-23 | 592411/- | ശ്രീ. കെ. രാജ് കുമാർ, സെക്രട്ടറി |
| 1-28 | 328900/- | ശ്രീ. ജോസഫ് അലോഷ്യസ്, അസി. സെക്രട്ടറി |
| ആകെ | 2383561/- | |

**(ബി). കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം**

**ഇല്ല**

**(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ**

**ഇല്ല**

**(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും**

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീ. ടി. എൻ. ഭദ്രൻ, സെക്രട്ടറി | വിരമിച്ചു | സിന്ധുഭവൻ, പവിത്രേശ്വരം പി ഒ, കൊല്ലം |
| ശ്രീ. കെ. രാജ് കുമാർ, സെക്രട്ടറി | വിരമിച്ചു | തേമ്പ്ര ഹൗസ്, പടിഞ്ഞാറ്റിൻകര, കൊട്ടാരക്കര |
| ശ്രീമതി മറിയാമ്മാ മാത്യൂ മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) | മെഡിക്കൽ ഓഫീസർ, ജില്ലാ ആശുപത്രി, കൊല്ലം | പൂക്കോയിക്കൽ ബഥേൽ ഹൗസ്, വിദ്യാ നഗർ, കൊട്ടാരക്കര |
| ശ്രീ. ജോസഫ് അലോഷ്യസ്, അസി. സെക്രട്ടറി | സെക്രട്ടറി, കവിയൂർ ഗ്രാമപഞ്ചായത്ത് | ദിൽ നിവാസ്, മങ്ങാട് പി. ഒ. |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1998-99 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(3) തീയതി- 28.04.18 | 6 |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(4) തീയതി-28.04.18 | 1 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(6) തീയതി-28.04.18 | 10 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(7) തീയതി-28.04.18 | 4 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(8) തീയതി-28.04.18 | 6 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(9) തീയതി-28.04.18 | 5 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം.പി9-381/2018(10) തീയതി-28.04.18 | 12 |
| 2006-07 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 1 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019) തീയതി-31.5.19 | 6 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 6 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019 തീയതി-31.5.19 | 4 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി9-743/2019(10) തീയതി-31.5.19 | 4 |
| 2011-12 2012-13 | എൽ. എഫ്.ക്യൂ.പി.7/420/14 തീയതി- 05.04.2014 | എല്ലാ ഖണ്ഡികകളും |
| 2013-14 2014-15 | കെ.എസ്.എ.കെ.എൽ.എം.പി7/784/2016/ തീയതി- 07-06-2016 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി7/1844/2016 തീയതി- 23.03.2017 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി9/1916/2017 തീയതി-12.12.17 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി9/368/2019 / 22.4.2019 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി9/1523/19/5.12.19 | എല്ലാ ഖണ്ഡികകളും |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**
ജില്ലാ ഓഡിറ്റ് വകുപ്പ്, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2019-2020 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ വിളക്കുടി ഗ്രാമപഞ്ചായത്തിന്റെ 2019-2020 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം – 3

## അനുബന്ധപത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

**ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)**

ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്